## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.624 30.06.2016-ൽ മറുപടിക്ക്**

**ഞാറയ്ക്കൽ, മുരിക്കുംപാടം ഓവർഹെഡ് വാട്ടർ ടാങ്കുകളുടെ നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ :** | | **ശ്രീ.മാത്യൂ.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി)** | |
| എ. | ജിഡ കുടിവെള്ള പദ്ധതിയുടെ ഭാഗമായതും, നിർമ്മാണം മുടങ്ങിക്കിടക്കുന്നതുമായ ഞാറയ്ക്കൽ, മുരിക്കുംപാടം ഓവർഹെഡ് വാട്ടർ ടാങ്കുകളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ; നിർമ്മാണം നടത്തുന്നതിൽ തുടർച്ചയായി അലംഭാവം കാണിക്കുന്ന കരാറുകാരനെതിരെ സർക്കാർ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ; ടി പ്രവൃത്തി എന്നത്തേക്ക് പുനരാരംഭിക്കുമെന്ന് വിശദമാക്കാമോ? | എ. | ജിഡ കുടിവെള്ള പദ്ധതിയുടെ ഭാഗമായ ഞാറയ്ക്കൽ, മുരിക്കുംപാടം ഓവർഹെഡ് വാട്ടർ ടാങ്കുകളുടെ പണി പൂർത്തീകരിക്കുവാനുള്ള സമയപരിധി 31.12.2015 വരെ ആയിരുന്നു. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തീകരിക്കാത്തതിനാൽ എഗ്രിമെന്റ് എക്സിക്യൂട്ടീവ് അധികാരിയായ ചീഫ് എഞ്ചിനീയർ, പിഴയോടുകൂടി 30.06.2016 വരെ സമയ പരിധി നീട്ടിക്കൊടുത്തിരുന്നു. അതു പ്രകാരം കരാറുകാരനിൽ നിന്നും 30.06.2016 വരെയുള്ള പുതുക്കിയ പ്രോഗ്രാം ചാർട്ട് വാങ്ങിക്കുകയും പണി പൂർത്തീകരിക്കുവാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ടെന്ന് ഉറപ്പു വരുത്തി പണികളുടെ പുരോഗതി എല്ലാ ആഴ്ചയും സൂക്ഷ്മമായി വിലയിരുത്തുകയുമുണ്ടായി.<br>എന്നാൽ ടി പ്രവൃത്തിയ്ക്ക് കാര്യമായ യാതൊരു പുരോഗതിയുമില്ലാത്തതിനാൽ ടി കരാറുകാരനെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച്, പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ